**കേരള സർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2332120, 2338487

**<u>വിജ്ഞാപനം</u>**

**<u>കീം 2026</u>**

**<u>കേരള എഞ്ചിനീയറിംഗ്/ഫാർമസി/മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനം-ഭിന്നശേഷി വിഭാഗക്കാർക്കുള്ള പരിശോധന</u>**

സംസ്ഥാനത്തെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്ക് പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് മുഖേന അപേക്ഷ സമർപ്പിച്ചവരിൽ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുവാൻ അപേക്ഷ നൽകിയ വിദ്യാർത്ഥികൾക്കായി പ്രോസ്പെക്ടസ് ക്ലോസ് 5.3 പ്രകാരം മെഡിക്കൽ ബോർഡ് നടത്തേണ്ടതുണ്ട്. 2026 വർഷത്തെ ഭിന്നശേഷി വിഭാഗക്കാർക്കുള്ള മെഡിക്കൽ ബോർഡ് ചുവടെ ചേർക്കുന്ന ഷെഡ്യൂൾ പ്രകാരം നടത്തുന്നു.

| ക്രമ നമ്പർ | ജില്ല | സർക്കാർ മെഡിക്കൽ കോളേജ് | മെഡിക്കൽ ബോർഡ് നടക്കുന്ന തീയതി |
|---|---|---|---|
| 1 | തിരുവനന്തപുരം, കൊല്ലം | സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം | മെയ് 20 & 21 |
| 2 | പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, | സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം | മെയ് 20, 21, 22 & 23 |
| 3 | പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് | സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട് | മെയ് 20, 21, 22 & 23 |

2026 വർഷത്തെ കീം പ്രവേശനത്തിന് ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുത്തുവാനായി ഓൺലൈൻ മുഖേന അപേക്ഷ നൽകിയ വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ 'KEAM-2026 Candidate Portal' ൽ **'Register for PwD Verification'** എന്ന ലിങ്കിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ നൽകി രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ പൂർത്തിയായവർക്ക് അറിയിപ്പ് കത്ത്, PwD Verification Proforma ( Annexure 1 & 2 ) എന്നിവ ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. **എഞ്ചിനീയറിംഗ് / ഫാർമസി/ആർക്കിടെക്ചർ കോഴ്സുകൾക്ക് മാത്രം അപേക്ഷിച്ചിട്ടുള്ളവർ Annexure 2 മാത്രം ഹാജരാക്കിയാൽ മതിയാകും. മെഡിക്കൽ കോഴ്സുകൾക്ക് അപേക്ഷിച്ചിട്ടുള്ളവർ Annexure 1 & 2 ഡൗൺലോഡ് ചെയ്ത് ഹാജരാക്കേണ്ടതാണ്. മാത്രമല്ല മെഡിക്കൽ കോഴ്സുകൾക്ക് അപേക്ഷിച്ചിട്ടുള്ളവർ Annexure**

1 നോടൊപ്പം Appendix A മുതൽ L വരെയുള്ള proforma പ്രിന്റ് എടുത്ത് ഹാജരാക്കേണ്ടതാണ്. **അതിൽ A മുതൽ F വരെയുള്ള Appendix കൾ സ്വയം സാക്ഷ്യപ്പെടുത്തുകയും, Appendix A സ്വയം സാക്ഷ്യപ്പെടുത്തുന്നതോടൊപ്പം Notaryയെക്കൊണ്ട് Attest ചെയ്ത് ഹാജരാക്കേണ്ടതാണ്.** ഇങ്ങനെ ലഭ്യമാകുന്ന ഡോക്യുമെന്റുകളുടെ പ്രിന്റൗട്ട്, മെഡിക്കൽ രേഖകൾ എന്നിവ സഹിതം അറിയിപ്പ് കത്തിൽ പറഞ്ഞിരിക്കുന്ന സമയത്ത് മെഡിക്കൽ പരിശോധനയ്ക്ക് ഹാജരാകേണ്ടതാണ്. **മെഡിക്കൽ ബോർഡിൽ ഹാജരാകുന്നവർ നിർബന്ധമായും പ്രവേശന പരീക്ഷ കമ്മീഷണരുടെ വെബ്സൈറ്റിൽ നിന്നും മേൽ സൂചിപ്പിച്ചിരിക്കുന്ന പ്രോഫോർമകൾ ഡൗൺലോഡ് ചെയ്ത ഹാജരാക്കേണ്ടതാണ്.**

ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷ നൽകാൻ വിട്ടുപോയ വിദ്യാർത്ഥികൾക്കും മെഡിക്കൽ പരിശോധനയിൽ പങ്കെടുക്കാവുന്നതാണ്. അത്തരം വിദ്യാർത്ഥികൾ മെഡിക്കൽ പരിശോധനയിൽ പങ്കെടുക്കുന്ന വിവരം ceekinfo.cee@kerala.gov.in എന്ന ഇമെയിൽ മുഖേന പ്രവേശന പരീക്ഷാ കമ്മീഷണറെ അറിയിക്കേണ്ടതാണ്. പ്രസ്തുത മെഡിക്കൽ ബോർഡിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ നിർബന്ധമായും UDID CARD/DISABILITY CERTIFICATE കൂടി ഹാജരാക്കേണ്ടതാണ്. മെഡിക്കൽ ബോർഡിൽ പങ്കെടുക്കാത്ത വിദ്യാർത്ഥികളെ കീം മുഖേനയുള്ള കോഴ്സുകളിലെ ഭിന്നശേഷി വിഭാഗം സീറ്റുകളിലെ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.

**കുറിപ്പ് :-തിരുവനന്തപുരം,കോട്ടയം, കോഴിക്കോട് എന്നിവിടങ്ങളിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ ബോർഡ് ക്രമീകരിച്ചിരിക്കുന്ന കൃത്യമായ സ്ഥലം പിന്നീട് വിജ്ഞാപനം ചെയ്യുന്നതാണ് .**

**ഹെൽപ് ലൈൻ നമ്പർ : 0471-2332120, 2338487**

Digitally signed by
ARUN S NAIR
Date: 14-05-2026
16:14:45

തിരുവനന്തപുരം
14-05-2026

**പ്രവേശന പരീക്ഷാ കമ്മീഷണർ**